മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡനു് എന്തെങ്കിലും അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—മാനേജക്കു കൊടുത്തു് ബാക്കിയുണ്ടെങ്കിൽ വാർഡനും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡൻഉള്ള സ്ഥിതിയ്ക്കു് മാനേജരെക്കൊണ്ടുള്ള ആവശ്യമെന്താണു്?

രാമവമ്മതമ്പുരാൻ.—എഴുതി ചോദിച്ചിട്ടുണ്ടു്. മറുപടിയൊന്നും വന്നിട്ടില്ല.

Colony at Mala.

117. മിസ്റ്റർകെ. പി. വള്ളോൻ.—മാള വലിയപറമ്പു് അധീകൃത കാളനിയിൽ എത്ര വീടുകൾ പണി ചെയ്തു കൊടുത്തിട്ടുണ്ടു്; ടി കാളനിവാർഡൻ ഒരു ബ്രിട്ടീഷുകാരനാണെന്നു് അദ്ദേഹം പറഞ്ഞിട്ടുള്ളതു പരമാർത്ഥമാണോ; അവിടത്തെ വീടു പണി കൺട്രാക്ടു് കൊടുത്തിട്ടുള്ളതാർക്കാണു്?

രാമവമ്മതമ്പുരാൻ.—മാള വലിയപറമ്പിൽ ൪ വീടുകൾ പണി ചെയ്തു കൊടുത്തിട്ടുണ്ടു്. വാർഡൻ ഒരു ബ്രിട്ടീഷുകാരനാണെന്നു പറഞ്ഞിട്ടുള്ളതായി അറിവില്ല. വീടു പണി ഏല്പിച്ചിരിക്കുന്നതു് മാള കൊ-ഓപ്പറേറ്റീവു് സംഘം സിക്രട്ടറിയേയാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അഞ്ചു വീടുകൾ മാത്രമുള്ള ഒരു സ്ഥലത്തിനാണോ കാളനിയെന്നു പേർ പറയുന്നതു്?

രാമവമ്മതമ്പുരാൻ.—അതെ. ആ സ്ഥലത്തു് അഞ്ചു വീടേയുള്ളു. അതാണു് കാളനി.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ അഞ്ചു വീട്ടുകാർക്കു വേണ്ടിയാണോ ഇത്രയും സംഖ്യ ചിലവിടുന്നതു

രാമവമ്മതമ്പുരാൻ.—അവിടെ അഞ്ചു വീടേയുള്ളു. അവർക്കു വേണ്ടിയുള്ള ചിലവുചെയ്യുന്നുണ്ടു്.

മിസ്റ്റർ ജാജ്ജ് ചാക്കാമുറി.—വാർഡൻ ഒരു ബ്രിട്ടീഷുകാരനാണെന്നു പറഞ്ഞിട്ടുള്ളതായി അറിവില്ല എന്നു പറഞ്ഞിരിക്കുന്നു. അയാൾ വേറെ വല്ലവരോടും പറഞ്ഞിട്ടുള്ളതായി അറിവുണ്ടോ?

രാമവമ്മതമ്പുരാൻ.—ഈ പായിൻറിനു പ്രത്യേകിച്ചു് ഉത്തരമൊന്നും ആവശ്യമില്ല.

മിസ്റ്റർ എം. കെ. രാമൻ.—വീടുപണി ഏല്പിച്ചിരിയ്ക്കുന്നതു് സിക്രട്ടറിയേയോ ഇൻഡിവിഡുവൽകുപ്പാസാറിയേയോ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം. സിക്രട്ടറിയെയാണെന്നു മാത്രമേ ഇൻഫർമേഷനുള്ളു:

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—സിക്രട്ടറി ആരാണെന്നറിയാമോ?

രാമവമ്മതമ്പുരാൻ.—അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—അവിടെ വേറെ വീടുകൾ പണിയിക്കുവാൻ സ്ഥലമുണ്ടോ?

രാമവർമ്മതമ്പുരാൻ.—നോട്ടിസു വേണം.

Anandapuram Colony.

118. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ആനന്ദപുരം കോളനിയിൽ പണി ചെയ്തുകൊടുത്തിട്ടുള്ള വീടുകളെത്ര;

(b) വീടു പണിയെ സംബന്ധിച്ചു വല്ല ആക്ഷേപവും സർവ്വമെണ്ടിനു കിട്ടീട്ടുണ്ടോ;

(c) ഉണ്ടെങ്കിൽ എന്തുചെയ്തു;

(d) ടി വീടുകൾ ചോർച്ചയുള്ളതായി വല്ല അറിവുമുണ്ടോ;

(e) കോളനി വാർഡന്റെ പേരെന്ത്?

രാമവർമ്മതമ്പുരാൻ.—(a) അഞ്ചു വീടുകൾ പണി ചെയ്തുകൊടുത്തിട്ടുണ്ട്.

(b) ഉണ്ട്.

(c) ആക്ഷേപഹർജി അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞതിനാൽ റിക്കാട്ടാക്കി.

(d) ചോർച്ചയുള്ളതായി അറിവില്ല.

(e) കോളനി വാർഡന്റെ പേര് ഈശ്വരാനന്ദൻ എന്നാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ അഞ്ചു വീടുകൾ പണിചെയ്തതിൽ മുഴുവൻ പണിയും തീർന്നിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—പണിക്കുറവുള്ളതായി റിപ്പോർട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—കേടുള്ളതായി വല്ല റിപ്പോർട്ടുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അതിനെപ്പറ്റി കൂടുതലായി ഇൻഫർമേഷനൊന്നും കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ചോർച്ചയുള്ളതായി അറിവില്ല എന്നു പറഞ്ഞിരിക്കുന്നു. അതിനെക്കുറിച്ചു് അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചിട്ടാണു് അറിവില്ലെന്നു മറുപടി പറഞ്ഞത്.

Malayattur Colony.

119. മിസ്റ്റർ കെ. പി. വള്ളോൻ.—മലയാറ്റൂർ കോളനിയിൽ എത്ര വീടുകളുണ്ടു്; കോളനിയിലെ വാർഡന്റെ പേരെന്ത്?

രാമവർമ്മതമ്പുരാൻ.—മലയാറ്റൂർ കോളനിയിൽ 50 വീടുകളുണ്ടു്. കോളനിയിലെ വാർഡന്റെ പേർ കൊച്ചുരാമനെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly